സെക്രട്ടറി മൂന്നാം എതിർകക്ഷിയായി, സ്ഥലം ഉടമ, ശ്രീ.സുന്ദരേശൻ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 18342/2007 (എച്ച്) നമ്പർ ഹർജിയാണ്. പ്രസ്തുത ഹർജിയുടെ വിധിന്യായത്തിൽ പരാതിക്കാരനേയും വില്ലേജ് അധികൃതരേയും വിളിച്ച് ഹിയറിംഗ് നടത്തി തീരുമാനം എടുക്കുന്നതിന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതാണ്. ബഹു.ഹൈക്കോടതി നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത റോഡ് അളന്ന് തിട്ടപ്പെടുത്തിതരണമെന്ന് ആവശ്യപ്പെട്ട് റവന്യൂ അധികൃതർക്ക് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയിട്ടുള്ളതാണ്.

കണ്ണൂർ ജില്ലാ പഞ്ചായത്തിന് കൈമാറിയ റോഡുകൾ

121 (6039) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഇരിക്കൂർ നിയമസഭാ മണ്ഡലത്തിൽപ്പെട്ടതോ നിയമസഭാ മണ്ഡലത്തിലൂടെ കടന്നുപോകുന്നതോ ആയ ഏതെല്ലാം റോഡുകളാണ് കണ്ണൂർ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ ഓരോ റോഡിനും നിലവിലുള്ള ജില്ലാപഞ്ചായത്ത് 2005-ന് ശേഷം എത്ര രൂപ വീതം തനതുഫണ്ടിൽ നിന്നും ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

ഉത്തരം

(എ) കണ്ണൂർ ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്ന ഇരിക്കൂർ നിയമസഭാമണ്ഡലത്തിൽപ്പെട്ടതും നിയമസഭാ മണ്ഡലത്തിലൂടെ കടന്നുപോകുന്നതുമായ റോഡുകളുടെ പേരുവിവരങ്ങൾ താഴെക്കൊടുക്കുന്നു.

1. കുടിയാന്മല-പൊട്ടൻപ്ലാവ് വഞ്ചിയം റോഡ്
2. കാവിൻമുനമ്പ് കരിവെള്ളൂർ കൂട്ടുമുഖം റോഡ്
3. ചെമ്പന്തൊട്ടി-കൂരയ്ക്കൽ റോഡ്
4. പൊടിക്കളം മടമ്പം-പാറക്കടവ് റോഡ്
5. ഉളിക്കൽ കാഞ്ഞിലേരി തെരൂർ കണിയാർ വയൽ റോഡ്
6. നെച്ചിയാട്ട് മണിക്കടവ് കാഞ്ഞലേരി റോഡ്
7. പെരുവപ്പറമ്പ് കല്ലുവയൽ-നെല്ലിക്കാംപൊയിൽ റോഡ്
8. നെല്ലിക്കുറ്റി-വണ്ണാത്തിക്കടവ് റോഡ്
9. കൂട്ടുമുഖം-പരുതിയിൽ കല്ലാരി റോഡ്
10. കോട്ടക്കുന്ന്-ഏറ്റുപാറ-ചന്ദനക്കാം പാറ റോഡ്

LIBRARY ARCHIVES Kerala Legislative Assembly

11. എടമന-ചാലിയം പറമ്പ്-വലിയപറമ്പ് നെല്ലിക്കുറ്റി ഏറ്റുപാറ റോഡ്
12. വിളക്കന്നൂർ ഉടുമ്പൻചിറ്റ വായാട്ടുപറമ്പ് റോഡ്
13. മണക്കടവ് കാപ്പിമല റോഡ്
14. അരിവിളഞ്ഞപൊയിൽ ജോസ്ഗിരി റോഡ്
15. രയരോം വിമ്പുകാട് മടക്കാംപൊയിൽ എരുവട്ടി റോഡ്
16. കാർത്തികപുരം താളിപ്പാറ താബോർ തിരുമേനി റോഡ്
17. കണിയാർവയൽ മലപ്പട്ടം മുനമ്പ് മയ്യിൽ റോഡ്
18. വളക്കൈ ചുഴലി ചെമ്പൻതൊട്ടി റോഡ്
19. ഇരിക്കൂർ ബ്ലാത്തൂർ റോഡ്
20. മയ്യിൽ ശ്രീകണ്ഠപുരം റോഡ്
21. മരുതായി പാലം ഇരിക്കൂർ പാലം കണക്ഷൻ റോഡ്
22. ചോലപട്ടാന്നൂർ റോഡ്
23. നെരുവമ്പ്രം വായട്ടുചാൽ ചെമ്പേരി റോഡ്
24. ചാണോക്കുണ്ട് കരിങ്കയം നെല്ലിപ്പാറ റോഡ്
25. ആലക്കോട് കാപ്പിമല റോഡ്
26. എടമന കുട്ടിയറ അരീക്കമല റോഡ്
27. നെച്ചിയാട് മണിക്കടവ് കാഞ്ഞിരക്കൊല്ലി റോഡ്
28. വട്ടിയാംതോട് കരിങ്കയം മണിപ്പാറ കുന്നത്തൂർ പൈസക്കാരി റോഡ്

(ബി) റോഡു നിർമ്മാണത്തിന് തനത് ഫണ്ടിൽ നിന്നും ചിലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വർഷം	റോഡ്	തനത് ഫണ്ടിൽ ചെലവഴിച്ച തുക
2005-06	ഇല്ല	ഇല്ല
2006-07	ഇല്ല	ഇല്ല
2007-08	ഇല്ല	ഇല്ല
2008-09	മണക്കടവ് മൂരിക്കടവ് കാപ്പിമലറോഡ്	25.777 രൂപ
2009-10	ഇല്ല	
2010-11	ഇല്ല	

LIBRARY ARCHIVES Kerala Legislative Assembly